MAHATMA GANDHI UNIVERSITY
PRIYADARSINI HILLS P.O., KOTTAYAM,
KERALA, INDIA, 686560
Established by Kerala State Legislature by Notification No. 3431/Leg.CI/85/Law, dated 17th April 1985

NAAC GRADE A++

വാർത്താക്കുറിപ്പ്

2026 ഒക്ടോബർ 14

പത്രക്കുറിപ്പ് / ഔദ്യോഗിക വിശദീകരണം

മഹാത്മാഗാന്ധി സർവകലാശാലയിൽ മാധ്യമപ്രവർത്തകർ പ്രവേശിക്കുന്നതുമായി ബന്ധപ്പെട്ട് പുറത്തിറങ്ങിയ ഓഫീസ് ഉത്തരവിനെക്കുറിച്ച് ഉയർന്നുവന്ന ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാധ്യമപ്രവർത്തകരെ സർവകലാശാലയിൽ നിന്ന് വിലക്കാനോ, വാർത്തകൾ ശേഖരിക്കുന്നതിൽ നിന്ന് തടയാനോ സർവകലാശാല യാതൊരു തീരുമാനവും എടുത്തിട്ടില്ലെന്ന് വ്യക്തമാക്കുന്നു.

അടുത്തിടെയായി, സർവകലാശാലയുടെയോ വൈസ് ചാൻസലറുടെയോ അറിവോ അനുമതിയോ ഇല്ലാതെ, സർവകലാശാലയുമായി നേരിട്ട് ബന്ധമില്ലാത്ത ചില വിഷയങ്ങളിൽ പല ദൃശ്യമാധ്യമങ്ങളും അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ സിൻഡിക്കേറ്റ് ഹാൾ ഉൾപ്പെടെയുള്ള ഓഫീസുകളിൽ പ്രവേശിച്ച് ദൃശ്യങ്ങളും പ്രതികരണങ്ങളും (Bytes) ശേഖരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇത് സർവകലാശാലയിലെ അക്കാദമിക് അന്തരീക്ഷത്തെയും, പരീക്ഷാ-പഠന പ്രവർത്തനങ്ങളെയും, സുരക്ഷയെയും പ്രതികൂലമായി ബാധിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. കൂടാതെ, ഔദ്യോഗികമല്ലാത്ത വിഷയങ്ങളിൽ സർവകലാശാലയ്ക്കുള്ളിൽ വെച്ച് ആരെങ്കിലും നൽകുന്ന പ്രതികരണങ്ങൾ (Bytes) സർവകലാശാലയുടെ ഔദ്യോഗിക നിലപാടായി പൊതുസമൂഹത്തിൽ തെറ്റായി വ്യാഖ്യാനിക്കപ്പെടാനുള്ള സാധ്യതയും നിലനിൽക്കുന്നുണ്ട്. ഇക്കാര്യങ്ങളെല്ലാം കണക്കിലെടുത്താണ് വിഷയത്തിൽ വ്യക്തത വരുത്തുന്നതിനായി രജിസ്ട്രാർക്ക് കുറിപ്പ് നൽകേണ്ടതായി വന്നത്.

പുറത്തുനിന്നുള്ള സന്ദർശകർക്ക് ഏർപ്പെടുത്തിയിട്ടുള്ളതുപോലെ, സർവകലാശാലയ്ക്കുള്ളിലേക്കുള്ള പ്രവേശനം സുതാര്യവും സുരക്ഷിതവുമാക്കുന്നതിനുള്ള ഒരു ഭരണപരമായ ക്രമീകരണം മാത്രമാണിത്.

മാധ്യമപ്രവർത്തകർക്കുള്ള സൗകര്യങ്ങൾ:

* അനുമതിയോടുകൂടി സർവകലാശാലയിൽ പ്രവേശിക്കുന്നതിനും, ഔദ്യോഗിക പ്രതികരണങ്ങൾ തേടുന്നതിനുമായി മാധ്യമപ്രവർത്തകർക്ക് പ്രവേശിക്കുന്നതിന് യാതൊരു തടസ്സവുമില്ല.

* പതിവുപോലെ തന്നെ സർവകലാശാലയിൽ എത്തുന്ന മാധ്യമപ്രവർത്തകർ സർവകലാശാല പബ്ലിക് റിലേഷൻസ് ഓഫീസറെ (PRO) മുൻകൂട്ടി അറിയിക്കുക. PRO വഴി സർവകലാശാല അധികാരിയുടെ അറിവും അനുമതിയും ലഭ്യമാക്കിക്കൊണ്ട് മാധ്യമങ്ങൾക്ക് പ്രവേശിക്കാനാവും. ആവശ്യമായ എല്ലാ സഹായങ്ങളും പി.ആർ.ഒ (PRO) ഓഫീസ് വഴി ലഭ്യമാക്കുന്നതാണ്.
ജനാധിപത്യപരമായി അനുവദനീയമായ എല്ലാ പ്രവർത്തന സ്വാതന്ത്ര്യത്തെയും സർവകലാശാല പൂർണ്ണമായും ബഹുമാനിക്കുന്നു. സർവകലാശാലയിലെ സമാധാനപരമായ അക്കാദമിക് അന്തരീക്ഷം നിലനിർത്തുന്നതിന് എല്ലാ മാധ്യമപ്രവർത്തകരുടെയും സഹകരണം ആവശ്യമാണെന്നും വൈസ് ചാൻസലർ അറിയിച്ചു.
പി. ആർ. ഒ 1027/2026

ചിക്കൻപോക്സ് വ്യാപനം: മഹാത്മാഗാന്ധി സർവകലാശാലയിൽ ഓഫ്‌ലൈൻ ക്ലാസുകൾ 22 വരെ നിർത്തിവച്ചു

ചിക്കൻപോക്സ് വ്യാപനത്തെത്തുടർന്ന് മഹാത്മാ ഗാന്ധി സർവകലാശാലയിലെ പഠനവകുപ്പുകളിൽ ഓഫ്‌ലൈൻ ക്ലാസുകൾ നിർത്തിവയ്ക്കുന്നതും ഹോസ്റ്റലുകൾ അടച്ചിടുന്നതും നവംബർ 22 വരെ നീട്ടി. നവംബർ 23 മുതൽ ഓഫ്‌ലൈൻ ക്ലാസുകളും ഹോസ്റ്റൽ പ്രവർത്തനങ്ങളും പുനരാരംഭിക്കും.
ഈ കാലയളവിൽ ക്ലാസുകൾ ഓൺലൈനായി നടത്തും. ഓൺലൈൻ ക്ലാസുകൾക്ക് പ്രത്യേക ഹാജർ രജിസ്റ്റർ സൂക്ഷിക്കും. ഹോസ്റ്റലുകൾ തുറക്കുന്നതിന് മുമ്പ് സമഗ്ര ശുചീകരണവും അണുനശീകരണവും പൂർത്തിയാക്കാനും ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കാനും നിർദേശമുണ്ട്.
പി. ആർ. ഒ 1028/2026

പബ്ലിക് റിലേഷൻസ് ഓഫീസർ